## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5056 28/10/2016-ൽ മറുപടിയ്ക്ക്**

### ആധുനിക പൊതു ശ്മശാനങ്ങൾ

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ നിലവിലില്ല. |
| (ബി) | ആധുനിക രീതിയിലുള്ള പൊതു ശ്മശാനങ്ങൾ ഏതെങ്കിലും പഞ്ചായത്തുകളിൽ ലഭ്യമാണോ; ഇല്ലെങ്കിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ 30 ഗ്രാമപഞ്ചായത്തുകളിൽ അധുനിക രീതിയിലുള്ള പൊതുശ്മശാനങ്ങൾ നിലവിലുണ്ട്. 152 ഗ്രാമ പഞ്ചായത്തുകൾ ആധുനിക പൊതുശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു. |
| (സി) | ഇതുമായി ബന്ധപെട്ട് അതത് പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുമോ? | (സി) | ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നുണ്ട്. 2016-17 വർഷത്തെ ബഡ്ജറ്റിൽ ശ്മശാന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ